അനുവദിച്ചിട്ടുണ്ട്. ആ ഒരു കോടി രൂപയുടെ പണി കാര്യക്ഷമമായി നടക്കുന്നില്ല. അതെത്രയും വേഗം നടത്തുകയും, കൂടുതൽ പണം ഇതിലേക്ക് അനുവദിക്കുകയും ചെയ്യണമെന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെതന്നെ കൊച്ചി മധുര റെയിൽവേ വളരെ വർഷമായി നമ്മുടെ ഗവൺമെൻറിന്റെ ശ്രദ്ധയിൽ ഉള്ളതാണ്. ആ പദ്ധതി നടപ്പിലാക്കി കഴിഞ്ഞാൽ നമ്മുടെ രാജ്യത്തിനൊ പുരോഗതിക്ക് വളരെ ഉതകുന്ന കാര്യമാണ്. മദ്ധ്യ കേരളത്തിന്റെ പുരോഗതിക്കുതകുന്ന ഈ രണ്ടു പദ്ധതികളും എത്രയും വേഗം കാര്യക്ഷമമായി പ്ലാനിംഗ് കമ്മിഷന്റെ മുൻപിൽ അവതരിപ്പിച്ചാൽ അത് അനുവദിക്കുമെന്ന് മറ്റു സംസ്ഥാനങ്ങളുടെ അനുഭവങ്ങൾ നമുക്ക് വഴി നൽകുന്നുണ്ട്. കേരളത്തിന്റെ പുരോഗതിക്കുതകുന്ന രണ്ടു പദ്ധതികളും പ്ലാനിംഗ് കമ്മിഷന്റെ മുൻപാകെയും കേന്ദ്രത്തിന്റെ മുൻപാകെയും അവതരിപ്പിച്ച് അനുവാദം വാങ്ങണം. എത്രയും വേഗം അതിന്റെ നടപടി സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, മധുര മുതൽ ബോഡിനായ്ക്കനൂർ വരെയുള്ള റെയിൽവേ ബ്രോഡ്ഗേജ് ആക്കണമെന്നും അവിടെനിന്നും കൊച്ചിയിലേക്ക് അവ യോജിപ്പിക്കണമെന്നും പറഞ്ഞുകൊണ്ട് സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനെ ധരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ റെയിൽവേ സർവേ നടത്തി റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെൻറ് എടുത്തിട്ടുള്ള നിലപാട് ഈ ലൈൻ ആദായകരമല്ല എന്നാണ്. അവിടെ ചരക്കയയ്ക്കുന്ന കാര്യമെടുത്താലും യാത്രക്കാരുടെ കാര്യമെടുത്താലും ഇത് ആദായകരമായിരിക്കുകയില്ല എന്നുള്ളതുകൊണ്ടും സാമ്പത്തികമായ ബുദ്ധിമുട്ടുള്ളതുകൊണ്ടും, മുൻഗണന കൊടുക്കാനുള്ള പദ്ധതിയല്ല എന്നുള്ളതുകൊണ്ടും തൽക്കാലം ഇതെടുക്കാൻ കഴിയുകയില്ല എന്നാണ് സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചിട്ടുള്ളത്. അതുപോലെതന്നെ തിരുവനന്തപുരം-മൂവാറ്റുപുഴ മധുര റോഡ് നാഷണൽ ഹൈവേ ആക്കാനുള്ളതായ നിർദ്ദേശം കേരളാ ഗവൺമെൻറ് സമർപ്പിച്ചിരുന്നു അതിൽ തിരുവനന്തപുരത്തുനിന്നും മൂവാറ്റുപുഴ വന്നുകഴിഞ്ഞാൽ കൊച്ചിയിൽ നിന്ന് കണക്ഷനായിട്ട് കൊടുക്കണമെന്നും അങ്ങനെ തിരുവനന്തപുരം മുവാറ്റുപുഴ മധുര റോഡ് നാഷണൽ ഹൈവേ ആക്കണം എന്നുമുള്ള നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്. ഇതു സംബന്ധിച്ച പ്ലാനിംഗ് കമ്മിഷൻ യോജിച്ച നിലപാട് സ്വീകരിച്ചിട്ടുണ്ട്. കൊച്ചി മൂവാറ്റുപുഴ റോഡിന്റെ ജോലി നടത്തുന്നതിനു വേണ്ടി സംസ്ഥാന ഗവൺമെൻറിന് ഒരു കോടി രൂപ കടം ആയിട്ട് തന്നിട്ടുണ്ട്. ഇതിന്റെ പണി കഴിയുന്നതും വേഗത്തിൽ ഏറ്റെടുത്ത് നടത്തണമെന്ന് സംസ്ഥാന ഗവൺമെൻറ് വീണ്ടും കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) കുന്നത്തറ ടെക്സ്റ്റയിൽസ്

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, കുന്നത്തറ ടെക്സ്റ്റയിൽസ് കേരളത്തിലെ സ്വയം തൊഴിൽ കണ്ടെത്താനുള്ള സംരംഭങ്ങളിൽ ശ്രദ്ധയാകർഷിക്കപ്പെട്ട ഒന്നാണ്. 1976-ൽ 600 ചെറുപ്പക്കാർ 5,000 രൂപ ഷെയർ എടുത്ത് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി സംസ്ഥാന വ്യവസായ വകുപ്പിനെ സമീപിച്ചു. സംസ്ഥാന വ്യവസായ വകുപ്പ് ഒരു കൂരയ്ക്കു കീഴിൽ വ്യത്യസ്ത വ്യവസായങ്ങൾ എന്ന നിലയിൽ, വ്യത്യസ്ത ഉടമസ്ഥതയിലുള്ള ലൂമുകൾ എന്നുള്ളനിലയിൽ കേരള സംസ്ഥാന ചെറുകിട വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

വികസന കോർപ്പറേഷനും അതുപോലെ കേരള ഗവൺമെന്റും ഷെയർ എടുത്ത് ഒരു പുതിയ സ്ഥാപനമുണ്ടാക്കി, കുന്നത്തറ ടെക്സ്റ്റയിൽസ്.

ഈ സ്ഥാപനത്തിന്റെ നടത്തിപ്പ് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷനും ഗവൺമെന്റിനും പൂർണ്ണമായും ഉത്തരവാദിത്തമുള്ളതാണ്. അതുകൊണ്ട് സ്വയം തൊഴിൽ കണ്ടെത്തുന്ന ഒരു സ്ഥാപനമെന്നുള്ള നിലയിൽ അതിന്റെ ഭരണപരമായ മുഴുവൻ നടത്തിപ്പും സംസ്ഥാന ഗവൺമെന്റിനേയും ഗവൺമെന്റുടമയിലുള്ള വികസന കോർപ്പറേഷനേയും ഉൾപ്പെടുത്തിക്കൊണ്ട് അതിന്റെ പ്രവർത്തനം കഴിയുന്നതും ആത്മാർത്ഥതയോടുകൂടി ചെയ്തുകൊണ്ടിരുന്നു. 1979 ജനുവരി മാസത്തിൽ പ്രവർത്തനം തുടങ്ങിയെങ്കിലും 1980-81 ആയപ്പോഴും ഈ വ്യവസായ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിൽ ഗവൺമെന്റ് മടികാണിച്ചു. ഇൻഡസ്ട്രിയൽ സബ്സിഡി കാലാകാലങ്ങളിൽ കൊടുക്കുകയില്ല. മാനേജ്മെന്റിനെ സംബന്ധിച്ചിടത്തോളം നിയമനങ്ങൾ നടത്താൻ കാലതാമസം ഉണ്ടായി. ഇത്തരത്തിലുള്ള നിരവധി വൈതരണികൾ തരണം ചെയ്യേണ്ടിവന്നതുകൊണ്ട് സാമ്പത്തികമായി പരാധീനതകൾ ഉണ്ടായി. 1981 ഒക്ടോബർ 4-ാം തീയതി അന്നത്തെ വ്യവസായ വകുപ്പുമന്ത്രി കോഴിക്കോട്ട് വിളിച്ചുകൂട്ടിയ കോൺഫറൻസിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ചെയർമാനായിട്ടുള്ള ശ്രീ. കെ.ടി. ചാണ്ടിയെ ഇതിന്റെ നാനാപ്രശ്നങ്ങളെ കുറിച്ച് പഠിക്കാനും കേരളത്തിൽ ആരംഭിച്ചിട്ടുള്ള സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടി കമ്പനീസ് ആക്ട് പ്രകാരം സ്ഥാപിച്ചിട്ടുള്ള സ്ഥാപനം ഭംഗിയായി കൊണ്ടുപോകാനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം ചെറിയ കാലയളവിനുള്ളിൽതന്നെ വ്യക്തമായ നിർദ്ദേശങ്ങൾ വച്ച് റിപ്പോർട്ടു സമർപ്പിച്ചു. എന്നാൽ ഗവൺമെന്റ് അത് പരിശോധിച്ചോ എന്നെനിക്കറിഞ്ഞുകൂടാ. 1982-ൽ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന സി. എച്ച്. മുഹമ്മദ്കോയ അദ്ദേഹത്തിന്റെ സ്വന്തം പഞ്ചായത്തും പ്രദേശവും ആയതുകൊണ്ടു കൂടിയാവാം റിലീഫ് അണ്ടർടേക്കിംഗ്സ് ആക്ട് പ്രകാരം ഈ സ്ഥാപനം ഏറ്റെടുത്തത്. അതിനുശേഷം ഇന്നുവരെ ആ സ്ഥാപനത്തിലെ മുഴുവൻ തൊഴിലാളികൾക്കും ജോലികൊടുക്കാൻ കഴിഞ്ഞിട്ടില്ല. 650 പേർ ഷെയർ എടുത്തു എങ്കിൽ മൊത്തം 300 പേർക്ക് മാത്രമേ പലപ്പോഴായി ജോലികൊടുക്കാൻ കഴിഞ്ഞുള്ളൂ. 250-260 രൂപയാണ് അവർക്കൊക്കെ ലഭിക്കുന്നത്.

അയ്യായിരം രൂപ 1977-ൽ കാനറാ ബാങ്കിൽനിന്ന് ലോൺ എടുത്തു. ആ ലോൺ ഇനത്തിൽ ഒരു വലിയ സംഖ്യ ഈ ഓരോ തൊഴിലാളി കുടുംബവും കൊടുത്തുകൊണ്ടിരിക്കുകയാണ്. കെ.എസ്.ഐ.ഡി.സി.യിൽ
10 a.m. നിന്നും ലോൺ കൊടുത്തിട്ടുണ്ട്. കെ.എഫ്.സി.യിൽനിന്നും ലോൺ കൊടുത്തിട്ടുണ്ട്. അതിനുള്ള പലിശയും ഈ ജീവനക്കാർ തന്നെ നിർവ്വഹിച്ചുകൊള്ളണം. സത്യം പറഞ്ഞാൽ ജോലി കിട്ടുന്നില്ലായെന്നു മാത്രമല്ല സ്വന്തം കാശ് മുടക്കിയിട്ട് അതിന്റെ പലിശയിനത്തിൽ അങ്ങോട്ട് കാശു കൊടുത്ത് ജോലിചെയ്യുന്ന ഒരു സ്ഥിതിയിലാണ് ഇന്ന് തൊഴിലാളികൾ. ഈയൊരുഘട്ടം വന്നപ്പോൾ തൊഴിലാളികൾ പറഞ്ഞു രേണുകക്ഷിയും പ്രതിപക്ഷവും ഉണ്ട്, കക്ഷിരാഷ്ട്രീയത്തിന്റെ പ്രശ്നമില്ല, ഒറക്കെട്ടായി അവർ പറഞ്ഞു ഞങ്ങൾക്ക് വേതനമായി എന്തെങ്കിലും കൂട്ടിക്കിട്ടണം എന്ന്. അതിന്റെ ഫലമായി കഴിഞ്ഞ പത്ത് മാസക്കാലമായി ഈ കമ്പനി അടച്ചിട്ടിരിക്കുകയാണ്. വ്യവസായ വകുപ്പിനാണ് അതിന്റെ പൂർണ്ണമായ മാനേജ്മെന്റ്. വ്യവസായ വകുപ്പ് ചില നീക്കങ്ങൾ നടത്തിയെങ്കിലും ഇതുവരെയും അതിനെ ഭംഗിയായി കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. ഐ.ഡി.ബി.ഐ., അതുപോലെ കേന്ദ്രഗവൺമെന്റ് ഏജൻസികൾ ഇവരിൽനിന്നൊക്കെ ആവശ്യമായ വർക്കിങ്

LIBRARY ARCHIVES Kerala Legislative Assembly

ക്യാപ്പിറൽ സമാഹരിക്കണം. കെ.എസ്.ഐ.ഡി.സി.യും കേരള ഗവൺമെൻറും ഇതിനാവശ്യമായ മുതൽമുടക്കുണ്ടാക്കണം. കോൺഫറൻസ് കൂടുമ്പോഴും വ്യവസായ വകുപ്പ് ഉദ്യോഗസ്ഥൻമാർ പറയുന്നത് വ്യവസായത്തിന് പണമില്ല, ഞങ്ങളും എന്തുചെയ്യണം എന്ന ഒരു ന്യായമാണ്. ഇങ്ങനെ പറഞ്ഞ് അവർ കൈമലർത്തുകയാണ് സാധാരണ ചെയ്യുന്നത്. നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളും നിലനിർത്തിക്കൊണ്ടുപോകാൻ വ്യവസായ വകുപ്പുമന്ത്രി നട്ടെല്ലോടുകൂടി ക്യാബിനറിലോ മറ്റ് രീതിയിലോ അലോട്ടുമെൻറിനുവേണ്ടി വാദിക്കുകയും നിലവിലുള്ള വ്യവസായങ്ങളും തകർന്നുപോകാതിരിക്കാൻ ശ്രമിക്കുകയും ചെയ്യണം. ഇത് കൊയ്ലാണ്ടി താലൂക്കിലെ ഏക വ്യവസായ സ്ഥാപനമാണ്. ആ താലൂക്ക് നെയ്ത്തുതൊഴിലാളികളുടെ കേന്ദ്രമായിരുന്നു, കയർതൊഴിലാളി കേന്ദ്രമായിരുന്നു. അവയൊക്കെ തകർന്നുപോയിരിക്കുന്നു. ഇന്നുള്ള ഏക വ്യവസായംപോലും മുന്നോട്ടുകൊണ്ടുപോകുവാൻ സാധിക്കുന്നില്ല. അതിനാൽ ഈ സ്ഥാപനം തുറന്നുപ്രവർത്തിക്കുന്നതിനു വേണ്ടിയുള്ള സാമ്പത്തിക സഹായം നല്കണം. ഇന്നത്തെ രീതിയിൽ സ്വയം തൊഴിൽ കണ്ടെത്താനുള്ള ഒരു സ്ഥാപനമാണെന്ന പരിമിതിയുണ്ടെങ്കിൽ സർക്കാർ പൂർണ്ണമായും ഇത് ഏറ്റെടുക്കണം. ഒരു ഓഫർ ഗവൺമെൻറിന്റെ മുമ്പാകെ വയ്ക്കാൻ ഞങ്ങളും തയ്യാറാണ്. തൊഴിലാളികളുടെ മുതൽമുടക്കി ഗവൺമെൻറിൽ അവർക്കൊക്കെ ജോലി കൊടുക്കുമെന്ന ഉറപ്പ് നല്കിയാൽ ജോലികൊടുക്കുമെങ്കിൽ അവരുടെ ഷെയറിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന് സൗജന്യമായി വിട്ടുകൊടുക്കുവാൻപോലും തൊഴിലാളികളും സന്നദ്ധരാണ്. ഇത് 600 ചെറുപ്പക്കാരുടെ ഒരു സംരംഭമാണ്. ഈ സംരംഭത്തോട് ന്യായപൂർവ്വമായും നീതിപൂർവ്വമായും ഗവൺമെൻറ് പ്രവർത്തിക്കണം. ഈ സ്ഥാപനം തുറന്നു പ്രവർത്തിക്കാനാവശ്യമായ രീതിയിൽ ഒന്നുകിൽ സ്വയം തൊഴിൽ കണ്ടെത്താനുള്ള സ്ഥാപനമായി ഇതിനെ മുന്നോട്ട് കൊണ്ടുപോകുക, അതിന് സാങ്കേതികമായ എന്തെങ്കിലും പരിമിതികളുണ്ടെങ്കിൽ ടെക്സ്റ്റയിൽ കോർപ്പറേഷൻ ഏറ്റെടുക്കുക. ഐ.ഡി.ബി.ഐ.യിൽനിന്നോ ഐ.എഫ്.സി.ഐ.യിൽനിന്നോ ലോൺ എടുത്ത് ഗവൺമെൻറുകൂടി അതിന് മാച്ചിംഗ് ഗ്രാൻറ് കൊടുത്ത് ഈ സ്ഥാപനം ഭംഗിയായി കൊണ്ടുപോകാൻ ശ്രമിക്കണം. കുന്നത്തറ ടെക്സ്റ്റയിലിൻെറ തുണി ഈ സംസ്ഥാനത്ത് വളരെ പ്രിയമുള്ളതാണ്, മാർക്കറ്റിൽ വളരെ ഡിമാൻറുണ്ട്. അതുകൊണ്ട് ഭംഗിയായി നടത്താൻ കഴിയുന്ന ഒരു സ്ഥാപനം ഗവൺമെൻറിൻെറ പിടിപ്പുകേടുകൊണ്ട് തകർന്നുപോകുന്നതിനാൽ ഇതിനറുതിവരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : കുന്നത്തറ ഇൻവെസ്റ്റ്മെൻറ് കമ്പനി എന്ന സ്ഥാപനം കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടുകൂടി 1976-ൽ ആണ് ആരംഭിച്ചത്. 1976-ൽ ഈ സ്ഥാപനം ആരംഭിക്കുമ്പോൾ ഈ ഇൻവെസ്റ്റ്മെൻറ് കമ്പനിക്ക് 24 ലക്ഷം രൂപയുടെ മുതൽമുടക്കേയുള്ളു. കെ.എസ്.ഐ.ഡി.സി. 24 ലക്ഷം രൂപയും അന്നത്തെ ഗവൺമെൻറ് 12 ലക്ഷം രൂപയുംകൂടി കൊടുത്തു. അങ്ങനെ 60 ലക്ഷം രൂപയായി. 1976-ൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ ഉല്പാദനം തുടങ്ങിയത് 1-1-1979-ൽ ആണ്. 1-1-1979-ൽ 384 തറികളും സ്ഥാപിച്ച യൂണിറ്റിൽ 312 തറികളും മാത്രമാണ് പ്രവർത്തിച്ചത്. എന്നാൽ അത് 21-8-1981 മുതൽ ലേ-ഓഫ് പ്രഖ്യാപിച്ചു. ഈ സ്ഥാപനത്തിൻെറ ഏറ്റവും വലിയ പ്രത്യേകത 1976-ൽ ഈ ഇൻവെസ്റ്റ്മെൻറ് കമ്പനി ആരംഭിച്ചു. 1979-ൽ (ജനുവരി 1-ന്) ഇതിൻെറ ഉല്പാദനം ആരംഭിച്ചു, 21-8-1981-ൽ ലേ-ഓഫും പ്രഖ്യാപിച്ചു എന്നുള്ളതാണ്. അതിൻെറ പ്രധാന കാരണം ഇതിൽ തൊഴിലാളികളും മാത്രമല്ല ജോലിചെയ്യുന്നത്. ഇതിൽ തറികളുടെ ഉടമകളായിട്ടും കുറേയാളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ വ്യവസായത്തെ രക്ഷിക്കാൻ 19-9-1982-ൽ എൻെറ

LIBRARY ARCHIVES Kerala Legislative Assembly

അഭിവന്ദ്യനായ നേതാവും ഡെപ്യൂട്ടി മുഖ്യമന്ത്രിയുമായിരുന്ന ജനാബ് സി. എച്ച്. മുഹമ്മദ്കോയ സാഹിബിന്റെ വ്യക്തിപരമായ പരിശ്രമ ഫലമായി ഒരു റിലീഫ് അണ്ടർടേക്കിംഗായി പ്രഖ്യാപിച്ചു. അതിനുശേഷം ഗവൺമെൻറ് പത്ത് ലക്ഷം രൂപ പ്രത്യേകമായി കൊടുത്തു. അതുകൂടാതെ ഐ.ഡി.ബി.ഐ.യിൽനിന്ന് 59.050 ലക്ഷം രൂപയും കെ.എഫ്.സി.യിൽ നിന്ന് 39.090 ലക്ഷം രൂപയും കെ.എസ്.ഐ.ഡി.സി.യിൽനിന്ന് 36.57 ലക്ഷം രൂപയും വാങ്ങി. ഇന്ന് 221 ലക്ഷം രൂപയുടെ അക്യുമുലേറ്റഡ് കാപ്പിറ്റൽ ഇതിനുണ്ട്. ഇതിൽ 292 തൊഴിലാളികളെ സംബന്ധിച്ചുള്ള ആവശ്യങ്ങൾ ഗവൺമെൻറ് അനുഭാവപൂർവ്വം പരിഗണിച്ചിട്ടുണ്ട്. പക്ഷേ അതിനുംപുറമേ അവിടെയുള്ള 236 തറിയുടമകളുണ്ട്. അവർ പറയുന്നത് അവരെക്കൂടി തൊഴിലാളികളായി അംഗീകരിക്കണമെന്നാണ്. ഐ.ഡി.ബി.ഐ.ക്കോ, മറ്റ് സാമ്പത്തിക സ്ഥാപനങ്ങൾക്കോ ഗവൺമെൻറ് നൽകിയ ഉറപ്പിനേയും അവർ അംഗീകരിച്ചിട്ടുള്ള നോംസിനേയും അടിസ്ഥാനത്തിൽ അത് സാദ്ധ്യമല്ല. തൊഴിലാളികളെ സംബന്ധിച്ചുള്ള ചില കാര്യങ്ങൾ പരിഗണിക്കാനും ആവുന്നത്ര സഹായം ചെയ്യാനും ഗവൺമെൻറ് തയ്യാറായിരുന്നു. പക്ഷേ സ്വന്തം തറി ഉടമകളായി അവിടെ വന്ന് കൺവെർഷൻ ചാർജ്ജിന് പ്രവർത്തിക്കുന്ന ആളുകൾക്ക് അവർക്കുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊടുക്കാമെന്നുള്ളതല്ലാതെ അവർക്കും തൊഴിലാളികളുടെ അതേ ആനുകൂല്യങ്ങൾ നല്കുകയെന്നുള്ളത് സാമ്പത്തികസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം സ്വീകാര്യയോഗ്യമല്ലാത്ത കാര്യമായിരുന്നു. അതേത്തുടർന്ന് തൊഴിലാളികൾ 10-1-1986 മുതൽ പണിമുടക്കി. പണിമുടക്ക് അവസാനിപ്പിക്കാൻ നിരവധി ചർച്ചകൾ ചെയ്തു. ആ ചർച്ചകളൊന്നും ഫലപ്രദമായില്ല, ഉപകാരപ്രദമായില്ല. അതേത്തുടർന്ന് 2-5-1986 മുതൽ കമ്പനി ലോക്കൗട്ടായി പ്രഖ്യാപിക്കേണ്ടിവന്നു. ഇതിനിടയ്ക്ക് കമ്പനിയുടെ അത്യാവശ്യമായ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി അവിടെയുള്ള 40 ലക്ഷം രൂപയുടെ ഫിനിഷ്ഡ്ഗുഡ്സ് അവരുടെകൂടി സഹകരണത്തോടുകൂടി വിറ്റ് ആ പണം കൊണ്ടുപോകാമെന്നുവച്ചപ്പോൾ തൊഴിലാളികൾ സമ്മതിച്ചില്ല. അങ്ങനെ ഗവൺമെൻറിന് കൊടുക്കാനുള്ള പണം, സാമ്പത്തിക സ്ഥാപനങ്ങളുടെ പണം, ഫിനിഷ്ഡ്ഗുഡ്സ് വിറ്റുകിട്ടാനുള്ള പണം ഇതെല്ലാം മുടങ്ങിക്കിടക്കുന്നതിനെത്തുടർന്ന് ആണ് ഈ സ്ഥിതിവിശേഷത്തിലായത്. എന്നിട്ടും ഗവൺമെൻറ് സാമ്പത്തികസ്ഥാപനങ്ങളുമായി ആലോചിച്ചപ്പോൾ ഇനി ഈ വ്യവസ്ഥയുണിറ്റിനെ സഹായിക്കണമെങ്കിൽ അതിന് വ്യക്തമായൊരു റിഹാബിലിറ്റേഷൻ പ്രോഗ്രാം ഉണ്ടായിരിക്കണമെന്നും അതിന്റെ ഭാഗമെന്നനിലയ്ക്ക് മാത്രമേ സഹായിക്കാൻ സാധിക്കുകയുള്ളൂ എന്നും പറഞ്ഞു; കാരണം ഏതെങ്കിലും പണം എപ്പോഴെങ്കിലും അവിടെ ചെലവഴിച്ച് അതിൽനിന്നും നഷ്ടമുണ്ടായാൽ ആ സ്ഥാപനത്തിന് ഒരിക്കലും ദീർഘകാലം നിലനില്ക്കാൻ സാദ്ധ്യമല്ല. അതിനാൽ ഇതേക്കുറിച്ച് ടെക്നിക്കലി ഫീസിബിളായിട്ടുള്ള ഒരു കമ്പനിയെക്കൊണ്ട് റിഹാബിലിറ്റേഷൻപ്രോഗ്രാം തയ്യാറാക്കണമെന്ന് ഐ. ഡി. ബി. ഐ. തുടങ്ങിയ സ്ഥാപനങ്ങൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അവർക്കുകൂടി സ്വീകാര്യയോഗ്യമായ മെസ്സേഴ്സ് കെന്നർ ആൻറ് കെന്നർ എന്ന ബോംബെയിലെ സ്ഥാപനത്തെ റിഹാബിലിറ്റേഷൻ പ്രോഗ്രാം തയ്യാറാക്കാൻവേണ്ടി ഏല്പിച്ചിരിക്കുകയാണ്. ആ പ്രോജക്ട് റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ മാത്രമേ ഇതിൽ ഗവൺമെൻറിനും, സാമ്പത്തിക സ്ഥാപനങ്ങൾക്കും പണം മുടക്കാൻ സാധിക്കുകയുള്ളൂ.

ഈ കമ്പനി രണ്ടുവിധത്തിലാണ്, ഒന്ന്, ഇതിൽ പണം ഇൻവെസ്റ്റ് ചെയ്തിട്ടുള്ള ആളുകൾ തറിയുടമകളായിട്ടാണ് സാമ്പത്തിക സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കാണുന്നത്. പിന്നെ അവിടെ ജോലി ചെയ്യുന്നവരുമുണ്ട്. ഈ രണ്ട് പ്രശ്നങ്ങളിലും അവരോട് അനുഭാവ പൂർവ്വമായ നിലപാട് സ്വീകരിക്കണമെന്നും വ്യവസായത്തെ നിലനിറുത്തുകയാണ് ആവശ്യമെന്നും, അതുകൊണ്ട് കുറച്ചുകൂടി സഹകരണം, കുറച്ചുനാളത്തേക്കുകൂടി വേണമെന്നും ഗവൺമെൻറ് പറഞ്ഞിട്ട് എന്തോ ഒരുതരം അനാവശ്യമായ നിലയിൽ ഇതിനെ നീട്ടിക്കൊണ്ടു പോകുകയാണ്. എന്നിട്ടുപോലും ഈ മാസം 28-ാം തീയതി ഞാൻതന്നെ ഒരു അനുരഞ്ജനയോഗം വിളിച്ചിരിക്കുകയാണ്. ആ അനുരഞ്ജനയോഗത്തിൽ തൊഴിലാളികളായിട്ടുള്ളവർക്ക് ആവുന്നത്ര സഹായം ചെയ്യാൻ ഗവൺമെൻറ് തയ്യാറാണ്. അതോടൊപ്പം തറിയുടമകളുടെ മുഴുവൻ കാര്യങ്ങളും സർക്കാർ ഏറ്റെടുക്കണമെന്നു പറഞ്ഞാൽ സാമ്പത്തിക സ്ഥാപനങ്ങളുമായി ബാദ്ധ്യതയുള്ള ഒരു ഗവൺമെൻറിന് അതിന് സാമ്പത്തിക സ്ഥാപനങ്ങളുടെകൂടെ അനുവാദമില്ലാതെ സാദ്ധ്യമല്ല. അതുകൊണ്ടാണ് ശരിയായിട്ടുള്ള ഒരു റീഹാബിലിറ്റേഷൻ പ്രോഗ്രാം ആവശ്യമാണെന്നു പറഞ്ഞത്. അതിനാൽ എനിക്ക് ശ്രീ. എ. സി. ഷൺമുഖദാസ് അടക്കമുള്ള ആളുകളോട് പറയാനുള്ളത് തൊഴിലാളികളും അനുകൂലമായ ഒരു നിലപാട് സ്വീകരിച്ച് ഈ സ്ഥാപനത്തെ നടത്തിക്കൊണ്ടുപോകാൻ സഹായിക്കണമെന്നു മാത്രമാണ്. ഇതിൽ ഗവൺമെൻറ് യാതൊരു പിടിപ്പുകേടും കാണിച്ചിട്ടില്ല. മി. ചാണ്ടി ആരംഭിച്ച ഇതിന്റെ പ്രവർത്തനം ഞാൻ നേരത്തേ പറഞ്ഞതുപോലെ 1979-ൽ ആരംഭിച്ചിട്ട് 1981-ൽ തന്നെ ലേ-ഓഫ് ചെയ്തിരുന്നു. എന്നിട്ടും റിവൈവ് ചെയ്യാനാണ് ഗവൺമെൻറ് ഇത്രയധികം സഹായം നല്കിയത്. ആ സ്ഥാപനത്തെ നിലനിർത്താനും ആ സ്ഥാപനത്തെ ഇനിയും നല്ല നിലയിൽ കൊണ്ടുപോകാനുമാണ് ഗവൺമെൻറ് ശ്രമിച്ചത്. ഇനിയും ഗവൺമെൻറ് അതിന് തയ്യാറാണ്. പക്ഷേ ഇതിലുള്ള സാമ്പത്തികവും സാങ്കേതികവും നിയമപരവും ആയ കാര്യങ്ങളും ഇലക്ട്രിസിറ്റി ആവശ്യത്തിന് അനുസരിച്ച് ലഭിക്കാനുള്ള സാഹചര്യം ഇവയെല്ലാം കണക്കിലെടുത്തുകൊണ്ട് സഹകരണാത്മകമായ ഒരു നിലപാടിൽമാത്രമേ ഇത് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളു. അതിനാൽ 28-ാം തീയതി ഞാൻ തൊഴിലാളികളുടേയും തറി ഉടമകളുടേയും പ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഉള്ള ഒരു യോഗം വിളിച്ചിട്ടുണ്ട്. റീഹാബിലിറ്റേഷൻ സ്കീം വന്നാൽ അത് നടത്തുന്നതാണ്. അതിനാൽ ഇത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ട ഒരു കാര്യം മാത്രമാണെന്ന് ഞാൻ പറഞ്ഞുകൊള്ളുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ് : തറിയുടമകളെന്നു പറയുന്നത് കുന്നത്തൂരടെക്സ്റ്റയിൽ കമ്പനിയുടെ ഫാക്ടറിക്കുള്ളിൽ ജോലിചെയ്യുന്നവരാണ്. അവരുടെ കൂലി നിജപ്പെടുത്തുന്നത് മാനേജ്മെൻറാണ്. അങ്ങനെ മാനേജ്മെൻറ് ആണ് കൂലി നിജപ്പെടുത്തുന്നതെങ്കിൽ വരുമാനം അധികം ഉണ്ടെങ്കിൽ അവർക്ക് അതെടുക്കാം. അങ്ങനെ അവരെക്കൂടി തൊഴിലാളികളാക്കി മാറ്റാനുള്ള സംസ് മുഴുവൻ കെ.ടി.എൽ. ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൂടേ ?

ശ്രീ. ഇ. അഹമ്മദ് : സർ, നൂൽ മുഴുവൻ ശരിയാക്കിയെടുത്തുവന്നാൽ മാത്രമേ പവർലൂംസിൽ ശരിയാക്കി പ്രവർത്തിക്കാൻ സാധിക്കുകയുള്ളു. അത് അങ്ങനെയുള്ള ഒരു സ്ഥാപനമാണ്. നൂൽ കൊണ്ടുവരുന്ന ആളുകൾക്ക് ശരിക്ക് പണം കൊടുക്കാൻകൂടി മാനേജ്മെൻറിന് ഉത്തരവാദിത്വമുണ്ട്. പണം കൊടുക്കണമെങ്കിൽ അതിനുള്ള പ്രവൃത്തി നല്ലനിലയിൽ നടത്തുകയും ഗവൺമെൻറ് അവരെ സഹായിക്കുകയും വേണം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അവിടെ തൊഴിലെടുക്കുന്ന ആളുകളുടെ പെട്ടെന്നുള്ള ഒരു ആവശ്യം എന്നതിലുപരി ആ സ്ഥാപനത്തിന്റെ ദീർഘകാല നിലനിൽപ്പുകൂടി കണക്കിലെടുത്തുകൊണ്ട് രമ്യമായി സഹായിക്കണം എന്ന്.

LIBRARY ARCHIVES Kerala Legislative Assembly